# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.712** **04/02/2020 ൽ മറുപടിക്ക്**

**തിരുവിതാംകൂർ ദേവസ്വം ബോർഡ്**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ**<br>**ശ്രീമതി സി.കെ. ആശ** | **കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡ് സാമ്പത്തിക പ്രതിസന്ധിയിലാണെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ; | (എ) | നിലവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് സാമ്പത്തിക പ്രതിസന്ധിയില്ല. |
| (ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വരുമാനവർദ്ധനക്ക് എന്തെല്ലാം നടപടികളാണ് ആലോചിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ വരുമാന ചോർച്ച തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | വലിയനിർമ്മാണ പ്രവർത്തനങ്ങളുടെ നിർവ്വഹണം ബോർഡിന്റെ നേരിട്ടുള്ള നിരീക്ഷണത്തിലാക്കുന്നതിന് നീക്കമുണ്ടോ;വ്യക്തമാക്കാമോ; | (സി) | തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളുടെയും നിർവ്വഹണം ബോർഡിന്റെ നിരീക്ഷണത്തിലാണ് നടന്നുവരുന്നത്. |
| (ഡി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ചെലവുകൾ നിയന്ത്രിക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | (ഡി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള വിവിധ ദേവസ്വങ്ങളിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുക, ചെലവുകൾ നിയന്ത്രിക്കുക, കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നിവ സംബന്ധിച്ച് പരിശോധനകൾ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ഗ്രൂപ്പ് ആഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷണർമാരുടെ അടിയന്തിരയോഗം ചേർന്ന് ആവശ്യമായ നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നുണ്ടെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ